## 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ. ബി 937/13

മട്ടന്നൂർ

തീയ്യതി: 01/08/17

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയുടെ സർവ്വേ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, സർവ്വേ നമ്പർ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെ പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോടു ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജൻറ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വേയറുടെ അടുത്ത് ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനുംവേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2)-ാം വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3)-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും:

**(എ)** സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും:

**(ബി)** കൊടിപിടിക്കുന്നവരെയും ചെയിൻമാൻ നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും:

**(സി)** അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ചവരുത്തുകയാണെങ്കിൽ ടി ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്ന് വസൂലാക്കുന്നതുമാണ്.

### പട്ടിക

ജില്ല: കണ്ണൂർ

താലൂക്ക്: തലശ്ശേരി

| ക്രമ നമ്പർ | വില്ലേജ് | ദേശം | റീസർവ്വെ നമ്പർ |
|---|---|---|---|
| 1. | കീഴല്ലൂർ | കീഴല്ലൂർ | 25/ഭാഗം |

പൊന്നുംവില അധികാരി

& സ്പെഷ്യൽ തഹസിൽദാർ (എൽ.എ),

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

യൂണിറ്റ് - 1, മട്ടന്നൂർ

ഫോറം നം. 7

[ചട്ടം 18 (1) കാണുക]

വിജ്ഞാപനം

.ർ. ബി 937/13

മട്ടന്നൂർ
തീയ്യതി: 01/08/17

കേരള സർക്കാർ 04-12-2015 തീയ്യതിയിലെ ജി.ഒ.(പി.)നം.649/2015/ആർ.ഡി.നമ്പർ വിജ്ഞാപന പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(എയർപോർട്ട്), നം.1, മട്ടന്നൂർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ(എൽ.എ) കളക്ടറേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, കണ്ണൂർ വിമാനത്താവളത്തിൻെറ നിർമ്മാണത്തിന്, ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും,

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 11 ഉപവകുപ്പ്(1) പ്രകാമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ, എൽ.എ(എയർപോർട്ട്) യൂണിറ്റ് 1, മട്ടന്നൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ്സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല: കണ്ണൂർ
വില്ലേജ്: കീഴല്ലൂർ

താലൂക്ക്: തലശ്ശേരി
ദേശം: കീഴല്ലൂർ

| ക്രമ നം. | സർവ്വേ നം | വിവരണം | വിസ്തീർണ്ണം (ഹെ.ആർ.ച.മി) | ഏത് പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| I | 25/4 B | സ്ഥി. പു | 0.1989 | കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിൻെറ നിർമ്മാണത്തിനുവേണ്ടി | കുടിയൊഴിപ്പിക്കൽ ഇല്ല | ശ്രീ. പൊലക്കാക്കണ്ടി രാജുമുതൽപേർ |
| | 25/4 A2 | അ.പു | | | | |

## സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിൻെറ സംക്ഷിപ്ത രൂപം

സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി നിയോഗിച്ച ഏജൻസി ഈ സ്ഥലം ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് അതായത് വിമാനത്താവളത്തിൻെറ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണെന്ന് റിപ്പോർട്ടിൽ ചൂണ്ടികാട്ടുന്നു. ഈ പൊന്നും വില നടപടിയിൽ ആരെയും കുടിയൊഴിപ്പിക്കേണ്ടതായി വരുന്നില്ല. ഈ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതുമൂലം യാതൊരുവിധ സാമൂഹ്യാഘാതങ്ങളും ഉണ്ടാകില്ലെന്നും അവ ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. റിപ്പോർട്ട് വിദഗ്ദ സമിതി പരിശോധിക്കുകയും പൊന്നുംവില നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പൊന്നുംവില അധികാരി
& സ്പെഷ്യൽ തഹസിൽദാർ (എൽ.എ),
കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യൂണിറ്റ് – 1, മട്ടന്നൂർ